"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - പതിനാലാം പഞ്ചവത്സര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(കൈ) നം.16/2026/LSGD തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ(കൈ) നം.164/2024/തസ്വഭവ; തീയതി 25.11.2024

**<u>ഉത്തരവ്</u>**

സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കാൻ കഴിയുംവിധം തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതി മുൻകൂട്ടി തയ്യാറാക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്. വരും വർഷത്തെ പദ്ധതി രൂപീകരിക്കുന്ന പ്രക്രിയ ഓരോ വർഷവും ഡിസംബർ ആദ്യവാരം ആരംഭിക്കുകയും മാർച്ച് ആദ്യവാരത്തോടുകൂടി അത് പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്ന നിലയിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് 2025 ഡിസംബർ മാസം നടന്നതു കാരണം 2026-27 വർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കുന്ന പ്രക്രിയ 2025 ഡിസംബർ മാസം ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല.

2. സംസ്ഥാന നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന ദിവസം മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വരുമെന്നതിനാൽ അതിന് മുൻപായി വാർഷിക പദ്ധതിക്ക് അംഗീകാരം നേടാൻ കഴിയാതെ വരുന്ന പക്ഷം നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം അവസാനിച്ച ശേഷം മാത്രമേ പദ്ധതി തയ്യാറാക്കാൻ കഴിയുകയുള്ളൂ. അങ്ങനെയെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിലുള്ള നാലഞ്ചു മാസത്തിൽ തദ്ദശഭരണ സ്ഥാപനങ്ങളിൽ വികസന പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കാൻ കഴിയാതെ വരികയും പദ്ധതി നിർവ്വഹണത്തിന് വളരെ കുറച്ച് സമയം മാത്രം ലഭിക്കുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്യും. മുൻകൂട്ടി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുകയാണെങ്കിൽ നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടെങ്കിൽതന്നെയും ഏറ്റവും ആവശ്യമായ പ്രോജക്ടുകളുടെ നിർവ്വഹണം തടസ്സം കൂടാതെ നിർവ്വഹിക്കാൻ കഴിയും. പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മറ്റ് പ്രോജക്ടുകളുടെ നിർവ്വഹണം ആരംഭിക്കാനും കഴിയും. ഇത് മുന്നിൽ കണ്ട് 2026 ജനുവരി – ഫെബ്രുവരി മാസങ്ങളിലായി അടുത്ത വർഷത്തെ പദ്ധതി തയ്യാറാക്കി

അംഗീകാരം നേടുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതുണ്ട്.

3. മുകളിൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റഷീദാ എസ്

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 12-01-2026 12:16:53

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

**അനുബന്ധം**

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

### 1. ആമുഖം

1.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2026-27 വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ 2026 ജനുവരി രണ്ടാം വാരം ആരംഭിക്കേണ്ടതാണ്. പതിനാലാം പഞ്ചവൽസര പദ്ധതിയുടെ അവസാന വർഷമാണ് 2026-27. അതുകൊണ്ടുതന്നെ പതിനാലാം പഞ്ചവത്സര പദ്ധതിക്ക് വേണ്ടി പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലോ, സബ്സിഡി മാർഗ്ഗരേഖയിലോ മാറ്റം വരുത്തുന്നതല്ല.

1.2 അടുത്ത വർഷത്തെ (2026-27) പദ്ധതി തയ്യാറാക്കുന്നതിന് ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022 പ്രകാരമുള്ള മാർഗരേഖയും നഗരഭരണ സ്ഥാപനങ്ങൾ സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 പ്രകാരമുള്ള മാർഗരേഖയും അടിസ്ഥാന മാർഗരേഖയായി സ്വീകരിക്കേണ്ടതാണ്. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുത്തു കൊണ്ട് പദ്ധതി തയ്യാറാക്കേണ്ടതാണ്.

1.3 സംസ്ഥാന സർക്കാർ പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രാദേശിക തലത്തിൽ പഞ്ചവൽസര പദ്ധതിക്കാലയളവിലേയ്ക്ക് തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാകണം പ്രോജക്ടുകളായി രൂപം നല്കേണ്ടത്. മുൻ ഭരണ സമിതയുടെ കാലയളവിൽ തുടങ്ങി വച്ച വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും പ്രത്യേകം ശ്രദ്ധ നല്കണം. അതിലൂടെ വികസന തുടർച്ച ഉറപ്പാക്കണം. മികച്ച മാതൃകകൾ തുടരണം. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുക, ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, പൊതുസ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക, പൊതുസൗകര്യങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാകണം സമീപനം.

### 2. മുൻഗണനാ മേഖലകൾ/പ്രോജക്ടുകൾ

2.1 **ഭവന പദ്ധതികൾ:** പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഉയർന്ന മുൻഗണണ നല്കണം. ലൈഫ് ഭവന പദ്ധതി, പി.എം.എ.വൈ പദ്ധതി എന്നിവയിൽ തുടങ്ങി വച്ച വീടുകൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ നല്കണം. അതുപോലെ നിലവിലുള്ള പട്ടികയിലെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് വീടുകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തണം. വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്ത ഗുണഭോക്താക്കൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്കും മുൻഗണന നല്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കണം.

### 2.2 അതിദാരിദ്ര്യ നിർമ്മാർജ്ജനം

(1) കഴിഞ്ഞ ഏതാനും വർഷങ്ങളിലെ ശ്രമഫലമായി അതിദാരിദ്ര്യമുക്ത സംസ്ഥാനം എന്ന നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വരുമാനം, സുരക്ഷിതമായ വാസസ്ഥലം എന്നീ നാല് ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി കണ്ടെത്തിയ 64,006 കുടുംബങ്ങളെയാണ് അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും

മോചിപ്പിക്കാനായത്. ഇവർക്ക് ആവശ്യമായ സേവനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ മൈക്രോപ്ലാനുകളിലൂടെ ലഭ്യമാക്കി. അതിദാരിദ്ര്യ അവസ്ഥയിൽ നിന്നും മോചിപ്പിക്കപ്പെട്ടവർ വീണ്ടും അതിദാരിദ്ര്യ അവസ്ഥയിലേക്ക് തിരികെ പോകാതിരിക്കാനും അതിദാരിദ്ര്യത്തിൽ നിന്നുള്ള മോചനം സുസ്ഥിരമാക്കുന്നതിനും പ്രത്യേക ശ്രദ്ധവേണം.

(2) അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിലെ നേട്ടങ്ങൾ ശക്തിപ്പെടുത്തുക, അതിദാരിദ്ര്യ മുക്ത കുടുംബങ്ങളുടെ സ്വയംപര്യാപ്തത പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക പ്രതിസന്ധികളെയും ആരോഗ്യപരമായ വെല്ലുവിളികളെയും അതിജീവിക്കാൻ അവരെ പ്രാപ്തരാക്കുക, സാമൂഹിക സുരക്ഷാ കവറേജ് ഉറപ്പാക്കുക, സുസ്ഥിരമായ ഉപജീവനോപാധികൾ ഉറപ്പാക്കുക, അതിദാരിദ്ര്യത്തിൽ നിന്ന് പുറത്തുവന്ന കുടുംബങ്ങൾ അതിദാരിദ്ര്യ അവസ്ഥയിലേക്ക് തിരികെ പോകുന്നത് തടയുക, പുതുതായി ആരുംതന്നെ അതിദാരിദ്ര്യ അവസ്ഥയിലേക്ക് എത്തിച്ചേരാതെ നോക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സർക്കാർ **അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി രണ്ടാം ഘട്ടം (EPEP 2.0)** പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള വിശദമായ മാർഗരേഖ സർക്കാർ പുറപ്പെടുവിക്കുന്നതാണ്. എന്നിരുന്നാലും ഇതിനായി മതിയായ വിഹിതം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും നിർബന്ധമായും അടുത്ത വാർഷിക പദ്ധതിയിൽ വകയിരുത്തണം.

(3) അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കുന്നതിന് പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗഉപ പദ്ധതി തുടങ്ങിയ ഉപ പദ്ധതികളുടെയും വനിതാ ഘടക പദ്ധതി, വയോജനങ്ങളുടെ പദ്ധതി തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതികളുടെയും സാധ്യതകൾ ഉപയോഗപ്പെടുത്താവുന്നതും ഇവയിൽ നിന്നും വിഹിതം നീക്കിവയ്ക്കാവുന്നതുമാണ്.

**2.3 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ:** പാലിയേറ്റീവ് രംഗത്ത് വിപുലമായ ജനകീയ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ മുൻകൈ എടുക്കണം. വരുമാനം കണക്കിലെടുക്കാതെ പരിചരണം ആവശ്യമുള്ള എല്ലാവർക്കും പരിചരണം ഉറപ്പാക്കും വിധത്തിലുള്ളതായിരിക്കണം ഇടപെടൽ. നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ജീവകാരുണ്യ/സന്നദ്ധ സംഘടനകളെയും തദ്ദേശഭരണ സ്ഥാപനങ്ങൾ ഏകോപിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ സാർവ്വത്രിക പാലിയേറ്റീവ് സേവനം ഉറപ്പ് വരുത്തുകയും ചെയ്യണം. സ.ഉ.(കൈ)നം. 59/2025/തസ്വഭവ; തീയതി 27.03.2025 ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ 20,000 ജനസംഖ്യക്ക് ഒരു ഹോം കെയർ യൂണിറ്റ് എന്ന നിരക്കിൽ ഹോം കെയർ യൂണിറ്റുകൾ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. പാലിയേറ്റീവ് പരിചരണ പ്രോജക്ട് നിർബന്ധിത പ്രോജക്ട് ആയതിനാൽ മതിയായ വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തേണ്ടതാണ്.

**2.4 പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസര സൃഷ്ടിയും**

(1) പതിനാലാം പഞ്ചവൽസര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പരമപ്രധാനമാണ് പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസര സൃഷ്ടിയും. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള മാർഗരേഖ സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പ്രതിപാദിക്കുന്ന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നല്കി സ്വയം തൊഴിൽ സംരംഭങ്ങളും തൊഴിൽദായക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും ആവിഷ്കരിക്കുകയും ഇതിനുള്ള പ്രോജക്ടുകൾ വാർഷിക

പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യേണ്ടതാണ്. ഇതിനായി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

(2) കേരളത്തിലെ മനുഷ്യവിഭവ ശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച **"വിജ്ഞാന കേരളം പദ്ധതി"** നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുക്കേണ്ടതാണ്. കേരളത്തിലെ തൊഴിൽ അന്വേഷകർക്ക് നൈപുണ്യ പരിശീലനം നൽകി അവരെ തൊഴിൽ സജ്ജരാക്കി ആഗോള തൊഴിൽ വിപണിയിൽ നിന്നുള്ള അവസരങ്ങളുമായി ബന്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത് വിപുലമായ ജനകീയ പരിപാടിയായി മാറ്റിയെടുക്കണം.

**2.5 ഉല്പാദനം വർദ്ധിപ്പിക്കൽ:** ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയിടെ സുപ്രധാന ലക്ഷ്യങ്ങളാണ്. പ്രാഥമിക ഉല്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീര വികസനം തുടങ്ങിയ മേഖലകളിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ വിളകളുടെയും മറ്റ സംരംഭങ്ങളുടെയും വിസ്തൃതിയും ഉല്പാദനക്ഷമതയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് വാർഷിക പദ്ധതിയിൽ മുൻഗണന നല്കണം. ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കാനും പച്ചക്കറി, മുട്ട എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാനും പാൽ ഉൽപാദനത്തിൽ മിച്ചോൽപാദനം കൈവരിക്കാനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം. കടൽ-ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രോജക്ടുകൾക്കും മുൻഗണന നൽകണം. കുടുംബശ്രീ ഗ്രൂപ്പുകളെയും ഭൂമി കൈവശമുള്ള ഉടമകളെയും ചേർത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയ്യിൽ കാർഷിക/കാർഷികാനുബന്ധ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടതാണ്. കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ, കർഷക കൂട്ടായ്മകൾ, പാടശേഖരസമിതികൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ എന്നിവയെയും ഈ യജ്ഞത്തിൽ പങ്കാളികളാക്കാം. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(1) സർക്കാർ വകുപ്പുകളുടെയും സംഘടനകളുടെയും സ്വകാര്യ വ്യക്തികളുടെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഇതിനായി പരിഗണിക്കാവുന്നതാണ്.

(2) ഉടമ നേരിട്ട് കൃഷി ചെയ്യാൻ തയ്യാറാകുന്നതിന് പ്രേരിപ്പിക്കണം. അതിന് സന്നദ്ധമല്ലെങ്കിൽ ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ സുരക്ഷ ഉടമയെ ബോധ്യപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്ന കർഷകന് (ഗ്രൂപ്പിന്) കൈമാറേണ്ടതാണ്.

(3) സാധ്യമായ ഇടത്തെല്ലാം കൃഷി, കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി എന്നിവ ചേർത്തുള്ള സംയോജിത കൃഷി രീതി അവലംബിക്കാൻ കർഷകരെയും ഗ്രൂപ്പുകളെയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(4) പ്രാദേശിക കാർഷിക ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതാണ്. കമ്യൂണിറ്റി ലെവൽ കോമൺ ഫെസിലിറ്റി കേന്ദ്രങ്ങൾ, ഇൻകുബേഷൻ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനും മുൻകൈ എടുക്കേണ്ടതാണ്.

(5) തരിശുഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പടെയുള്ള വികസന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്നതിന് ശ്രമിക്കണം.

(6) കാർഷിക അനുബന്ധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ഉത്പാദനോപാധികൾ, മറ്റ് സഹായങ്ങൾ, സബ്സിഡി എന്നിവ വകുപ്പ് പരിപാടികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെയും ഭാഗമായി കർഷകർക്ക്/ഗ്രൂപ്പുകൾക്ക് നൽകാവുന്നതാണ്.

(7) ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ഫാമുകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.

**2.6 സമഗ്ര ജലവിഭവ പരിപാലനം:** നീർത്തടവികസനം, പ്രളയനിവാരണം, വരൾച്ചാ പ്രതിരോധം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സമഗ്ര ജലവിഭവ പരിപാലനത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. ഉല്പാദന മേഖലയിൽ, പ്രളയസാധ്യത ഒഴിവാക്കാൻ കഴിയുന്നവിധം നീർത്തട വികസനം, ജലസ്രോതസുകളുടെ സംരക്ഷണവും പുനരുദ്ധാരണവും, തോട് നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക്ഡാം, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ ഏറ്റെടുക്കണം. പ്രളയസാധ്യത മുന്നിൽ കണ്ടുകൊണ്ട് പാടശേഖരങ്ങൾ സംരക്ഷിക്കാനുള്ള ബണ്ട് നിർമ്മാണം, ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെ നിർമ്മാണവും സംരക്ഷണവും എന്നിവ ഇതിൽ ഉൾപ്പെടുത്താം. തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി സംയോജിപ്പാക്കാവുന്നതാണ്.

**2.7 കാലാവസ്ഥാ മാറ്റത്തെ അതിജീവിക്കുന്നതിനുള്ള പ്രോജക്ടുകൾ:** കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിക്കുന്നതിനും പ്രാദേശിക തലത്തിൽ കർമ്മപദ്ധതി (Local Action Plan on Climate Change) തയ്യാറാക്കേണ്ടതും അതിന് അനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നല്കി ഘട്ടം ഘട്ടമായി നടപ്പാക്കേണ്ടതുമാണ്.

**2.8 പട്ടികജാതി/പട്ടികവർഗ വികസനം:** പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്കുള്ള വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം, തുടങ്ങിയവയ്ക്കുള്ള അപേക്ഷകളിലെ കുടിശികകൾ തീർക്കുന്നതിനുള്ള പ്രോജക്ടുകൾക്കും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന നഗറുകളിലെ/ഉന്നതികളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകൾക്കും മുൻഗണന നല്കി പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കേണ്ടതാണ്. സ.ഉ.(കൈ)നം. 168/2025/ തസ്വഭവ; തീയതി 23.09.2025 പ്രകാരം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുകയും പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി ഫണ്ടുകളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

**2.9 അനിമൽ ബർത്ത് കൺട്രോൾ (ABC) പ്രോഗ്രാം:** എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിനും തെരുവുനായ ശല്യം പരിഹരിക്കുന്നതിനുമുള്ള പ്രോജക്ടുകൾക്ക് അടുത്ത വാർഷിക പദ്ധതിയിൽ പ്രാമുഖ്യം നൽകേണ്ടതാണ്.

**2.10 തെരുവ് വിളക്കുകൾ:** പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രത്യേക ശ്രദ്ധ നല്കേണ്ടതാണ്.

**2.11 ഭൗതിക സൗകര്യങ്ങളുടെ സൃഷ്ടി:** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് 2026-27 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണ്. നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി, നിലവിലുള്ള റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കൽ, പുതിയ റോഡുകളുടെ നിർമ്മണം എന്നിവ ഏറ്റെടുക്കണം. ഇതിനായി വികസന ഫണ്ടും റോഡ് മെയിന്റനൻസ് ഫണ്ടും ഫലപ്രദമായി

ഉപയോഗിക്കണം. ഈടുറ്റതും ഗുണമേന്മ ഉള്ളതുമായ റോഡുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു നിശ്ചിത എണ്ണം റോഡുകൾ അഞ്ച് വർഷ ഗ്യാരണ്ടിയോടു കൂടി നിർമ്മിക്കുന്നത് പരിഗണിക്കണം.

**2.12 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും**

(1) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സ്കോളർഷിപ്പിന്റെയും ബത്തയുടെയും വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 7.1.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. പലയിടത്തും ഭാഗികമായാണ് സഹായം നൽകുന്നത്. മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും പൂർണ്ണമായും ലഭ്യമാക്കേണ്ടതാണ്.

(2) ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമായി വിഹിതം കണ്ടെത്തുന്നതിന് കഴിയുന്നില്ലെങ്കിൽ സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ.(കൈ)നം.86/ 2022/തസ്വഭവ; തീയതി 19.04.2022 എന്നീ ഉത്തരവുകളുടെ ഖണ്ഡിക 6.4(ബി)(2) ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 60:30:10 അനുപാതത്തിൽ വകയിരുത്തി നൽകേണ്ടതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

(3) മതിയായ വിഹിതം ലഭ്യമാക്കുന്ന കാര്യത്തിൽ ധാരണ ഉണ്ടാക്കുന്നതിനുവേണ്ടി പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെ യോഗം ജില്ലാ ആസൂത്രണസമിതി വിളിച്ചു ചേർക്കേണ്ടതാണ്.

**2.13 ശ്രുതി തരംഗം പ്രോജക്ട്**

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണത്തിന്റെ മെയിന്റനൻസിനും അപ്ഗ്രഡേഷനും വേണ്ട തുക തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറേണ്ടതുണ്ടെങ്കിലും ഇത് കൃത്യമായി പാലിക്കപ്പെടുന്നില്ല. എല്ലാ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കി മതിയായ വിഹിതം അടുത്ത വാർഷിക പദ്ധതിയിൽ വകയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറേണ്ടതുമാണ്. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ സർക്കുലർ നമ്പർ:SHA/974/2025-MGR (FN); തീയതി 23.09.2025 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**2.14 അങ്കണവാടികൾ മെച്ചപ്പെടുത്തൽ:** അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കു ന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാണെന്ന് ഉറപ്പാക്കണം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തേണ്ടതാണ്.

**2.15 പൊതു വിദ്യാഭ്യാസം:** പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് സ്മാർട് ക്ലാസുകൾ ഉൾപ്പെടെയുള്ള സാങ്കേതിക സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**2.16 ആരോഗ്യ സ്ഥാപനങ്ങൾ:** തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ സ്ഥാപനങ്ങളിൽ നിന്നും പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ പ്രാമുഖ്യം നല്കി ഏറ്റെടുക്കേണ്ടതാണ്.

**2.17 ഡിജി കേരളം 2.0**

(1) കേവല സാക്ഷരതയിൽ നിന്നും വിവരാധിഷ്ഠിത സമൂഹത്തിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തിൽ 'ഡിജി കേരളം' പ്രോജക്റ്റ് നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂട്ടായ പരിശ്രമവും പ്രതിബദ്ധതയുമാണ് ഈ ദൗത്യം വിജയകരമായി നടപ്പിലാക്കുന്നതിനും, കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ സംസ്ഥാനമായി മാറ്റുന്നതിനും കാരണമായത്. ഈ ഉജ്ജ്വല വിജയത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനം ഇപ്പോൾ അടുത്ത ഘട്ടമായ 'ഡിജി കേരളം 2.0'-ലേക്ക് കടക്കുകയാണ്.

(2) പുതുതായി ഡിജിറ്റൽ സാക്ഷരത ലഭിച്ചവർക്കുള്ള തുടർസാക്ഷരത, എല്ലാ പൗരന്മാരുടെയും ആധികാരിക അവകാശ രേഖകൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായുള്ള DEED, എല്ലാ പൗരന്മാർക്കും K SMART ID ലഭ്യമാക്കുന്നതിനുള്ള നടപടികൾ, സൈബർസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കൽ ഉൾപ്പടെയുള്ള ഘടകങ്ങളാണ് ഡിജി കേരളം 2.0-ൽ ലക്ഷ്യമിടുന്നത്. 'ഡിജി കേരളം 2.0' നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾക്ക് രൂപം നല്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(3) 'ഡിജി കേരളം 2.0' നടപ്പാക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകൾ പരമാവധി 5 ലക്ഷം രൂപ, മുനിസിപ്പാലിറ്റികൾ പരമാവധി 7 ലക്ഷം രൂപ, കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപ എന്നിങ്ങനെ വാർഷിക പദ്ധതിയിൽ നിന്നും തുക നീക്കിവയ്ക്കേണ്ടതാണ്.

**2.18 കായിക രംഗം:** കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതാണ്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ വരുത്താനും ജീവിത ശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഇത് ആവശ്യമാണ്. "ഒരു ഗ്രാമപഞ്ചായത്തിൽ/ നഗരസഭയിൽ ഒരു മിനി സ്റ്റേഡിയം - ഒരു വാർഡിൽ ഒരു കളിസ്ഥലം" എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പരിശ്രമിക്കണം. അതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം. കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ കായിക യുവജനകാര്യ വകുപ്പുമായി സഹകരിച്ചോ തനതായോ ഏറ്റെടുക്കാവുന്നതാണ്. സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളുടെ മേന്മവൽക്കരണത്തിനും പ്രാധാന്യം നൽകേണ്ടതാണ്.

**2.19 ഹാപ്പിനസ് പാർക്കുകൾ:** ഹാപ്പിനസ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം. വിശദമായ മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം. 198/2023/തസ്വഭവ; തീയതി 13.11.2023 ഉത്തരവിന്റെ ഖണ്ഡിക 12 ൽ നല്കിയിട്ടുണ്ട്.

**2.20 ഫിറ്റ്നസ് കേരള:** എല്ലാവർക്കും ആരോഗ്യ പൂർണ്ണമായ ജീവിതം എന്ന ലക്ഷ്യത്തിലേക്ക് ജനങ്ങളെ എത്തിക്കുന്നതിന് ഓപ്പൺ ജിം പ്രോജക്ടുകൾ ലഭ്യമായ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി ആരംഭിക്കേണ്ടതാണ്. ഇതിന്റെ പരിപാലനത്തിനുള്ള സൗകര്യവും ഏർപ്പാടാക്കേണ്ടതാണ്. ഹാപ്പിനസ് പാർക്കുകളുടെ ഭാഗമായും ഇവ നിർമ്മിക്കാവുന്നതാണ്.

ഓപ്പൺ ജിംനേഷ്യത്തിന്റെ വിശദാംശങ്ങൾ സ.ഉ.(കൈ)നം.115/2022/ തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള മാർഗരേഖയുടെ ഖണ്ഡിക 7.7.5 ൽ വ്യക്തമാക്കിയിട്ടുണ്ട്.

2.21 പൊതു ഉപയോഗത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന എല്ലാ നിർമ്മിതികളും ഭിന്നശേഷി സൗഹൃദവും വയോജന സൗഹൃദവുമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**2.22 ശുചിത്വ മാലിന്യ സംസ്കരണം**

2.22.1 മാലിന്യമുക്ത നവകേരളം – എന്ന ലക്ഷ്യത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള തീവ്രശ്രമം നടന്നു വരികയാണ്. വികേന്ദ്രീകൃതവും സംയോജിതവുമായ രീതിയിലൂടെ ജൈവ-അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിൽ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ട്. എന്നാൽ ഇനിയും പരിഹരിക്കേണ്ട വിടവുകളുണ്ട്. നിലവിലുള്ള സംവിധാനങ്ങളിൽ കൂടുതൽ ആധുനിക സംവിധാനങ്ങൾ കൂട്ടിയിണക്കി നിലവിലുള്ള സംവിധാനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ഇനിയും ശേഖരണ-സംസ്കരണ സംവിധാനങ്ങൾ പൂർണ്ണമാകാത്ത പ്രത്യേക മാലിന്യങ്ങളുടെ (ഗാർഹിക ബയോ മെഡിക്കൽ മാലിന്യം, സാനിറ്ററി മാലിന്യം, അപകടകരമായ ഇ-മാലിന്യങ്ങൾ, സി & ഡി മാലിന്യം, മുടി മാലിന്യം മുതലായവ) പ്രശ്നം നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം സമഗ്ര പരിഹാരം കാണേണ്ടതുണ്ട്.

2.22.2 ഖര മാലിന്യത്തിന്റെ കാര്യത്തിൽ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിൽ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും മലിനജലത്തിന്റെയും കക്കൂസ് മാലിന്യത്തിന്റെയും സംസ്കരണം ഉൾപ്പെടെയുള്ള ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവം മുഖ്യ പ്രശ്നമായി നിലനിൽക്കുന്നു. ഇവയ്ക്ക് പരിഹാരം കാണുന്നതിനും പ്രത്യേക ശ്രദ്ധ ഉണ്ടാകണം.

2.22.3 മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കുന്നതിനോടൊപ്പം, ഈ മേഖലയെ സർക്കുലാർ എക്കണോമിയുടെ അടിസ്ഥാനത്തിൽ വിപുലമായ ഒരു തൊഴിൽ മേഖലയാക്കി മാറ്റാനും കഴിയണം. ശുചിത്വ മാലിന്യ സംസ്കരണ പ്രക്രിയയിലൂടെ സമാഹരിക്കുന്ന ധനവിഭവത്തിൽ നിന്നും ഇതിലേക്കാവശ്യമായ ആവർത്തന ചിലവുകൾ കണ്ടെത്താൻ കഴിയുന്ന തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഈ രംഗത്തെ പ്രവർത്തനങ്ങളെ മാറ്റിയെടുക്കാൻ കഴിയണം.

2.22.4 സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ച് ഭാരത് മിഷൻ ഗ്രാന്റ്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, കെ.എസ്.ഡബ്ള്യു.എം.പി ഫണ്ട്, ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെ വിഹിതം, തനതു ഫണ്ട്, സി. എസ്. ആർ തുടങ്ങി എല്ലാ സ്കീമുകളെയും ഗ്രാന്റുകളെയും സംയോജിപ്പിച്ച് പ്രോജക്ടുകൾക്ക് രൂപം നൽകണം. ആസൂത്രണം, നിർവ്വഹണം, അവലോകനം, റിവ്യൂ എന്നിവയും സംയുക്തമായി നടത്തുന്ന രീതികൾ ബന്ധപ്പെട്ട ഏജൻസികൾ നടപടി സ്വീകരിക്കണം. ഇതിലൂടെ **ഒ.ഡി.എഫ്, ഒ.ഡി.എഫ്.പ്ലസ്.പ്ലസ്, ജി.എഫ്.സി തുടങ്ങിയ** പദവികൾ നേടാൻ കഴിയുന്ന തരത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതാണ്.

2.22.5 ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളിലൂടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സംരംഭകത്വ വികസനത്തിനും അധിക തൊഴിലവസര സൃഷ്ടിക്കും സഹായകമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്. ഈ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക പുരസ്

കാരം നൽകും. അതുപോലെ 100% ഖരമാലിന്യ പരിപാലന സംവിധാനം ഉറപ്പാക്കിയ ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രത്യേക പുരസ്കാരം നൽകുന്നതാണ്.

2.22.6 ഹരിത കർമ്മ സേനയും തദ്ദേശഭരണ സ്ഥാപനവും സംയോജിതമായി പ്രവർത്തിക്കുന്ന തിലൂടെ EPR (Extended Producer Responsibility) ക്രെഡിറ്റ് നേടുന്നതിന് കഴിയണം.

2.22.7 മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനോടൊപ്പം മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള നടപടികൾ അതിപ്രധാനമാണ്. പുനഃരുപയോഗ സാധ്യമായ പാത്രങ്ങൾ/ ഗ്ലാസ്സുകൾ, പ്രകൃതിക്ക് അനുയോജ്യമായ പാക്കിംഗ് സാധനങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കൽ, സംസ്ഥാനത്തെ പുനഃചക്രമണ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് പ്രചാരണം എന്നിവ വാർഷിക പദ്ധതിയുടെ ഭാഗമാക്കണം. ഈ രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അംഗീകാരം നൽകുന്നതാണ്.

2.22.8 അജൈവ മാലിന്യം ഉറവിടത്തിൽ തരംതിരിച്ച്, പുനഃചക്രമണ സാധ്യമായവ സമ്പൂർണമായി വീണ്ടെടുക്കുകയും കൂടികലർന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറച്ച് ഇതിന്റെ സംസ്കരണത്തിനുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക ബാധ്യത കുറച്ചു കൊണ്ടുവരൽ, ജൈവമാലിന്യത്തിൽ നിന്നും കമ്പോസ്റ്റ് വളം, ബയോഗ്യാസ്, ബയോഗ്യാസ് സ്ളറി എന്നിവ ഉല്പാദിപ്പിക്കൽ, നിരോധിത പ്ലാസ്റ്റിക് ഉല്പ്പന്നങ്ങളുടെ വിൽപ്പന പൂർണമായി നിരോധിക്കുന്നതിന് സ്വീകരിച്ച ക്രിയാത്മക ഇടപെടലുകൾ, പ്രോത്സാഹന നടപടികൾ, പാക്കേജ് രഹിത വിപണന കേന്ദ്രങ്ങൾ, പുനരുപയോഗ സാദ്ധ്യമായവ മാത്രം ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ പ്രകാരം നടക്കുന്ന പൊതു പരിപാടികൾ തുടങ്ങിയവയ്ക്ക് നൽകുന്ന അംഗീകാര നടപടികൾ, ബദൽ ഉല്പ്പന്നങ്ങൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ മാലിന്യ സംസ്കരണ രീതി സുസ്ഥിരമാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾക്കുള്ള പ്രോജക്ടുകളും ഉൾപ്പെടുത്താം. ഈ പ്രവർത്തനങ്ങളുടെ വസ്തുനിഷ്ഠമായ സ്ഥിതിവിവരകണക്കുകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും പ്രത്യേക ഹരിത പുരസ്കാരത്തിനുള്ള ഗ്രാമപഞ്ചായത്തു കളേയും നഗരഭരണ സ്ഥാപനങ്ങളേയും തിരഞ്ഞെടുക്കുക.

2.22.9 മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് (അവശേഷിക്കുന്ന വിടവുകൾ ഉൾപ്പെടെ) വാർഡ്സഭ /ഗ്രാമസഭ യോഗങ്ങളിൽ അവതരിപ്പിച്ച്, ഇവ പരിഹരിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ നിർബന്ധമായും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം പ്രോജക്ടുകൾക്ക് രൂപം നല്കുമ്പോൾ ചുവടെ കൊടുത്തിരിക്കുന്നവയ്ക്ക് ഉയർന്ന പരിഗണന നല്കേണ്ടതാണ്.

(1) ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് ആവശ്യമായ ഉപാധികൾ വിതരണം ചെയ്യുക, ഇവക്ക് ആവശ്യമായ ഇനോക്കുലം വിതരണം ഉറപ്പാക്കുക, പൊതു ശുചിത്വ മാലിന്യ പരിപാലന സംവിധാനങ്ങളുടെ ഓപ്പറേഷൻ & മെയിന്റനൻസ് എന്നിവയ്ക്ക് ആവശ്യമായ പ്രോജക്ടുകൾ

(2) ഹരിതകർമ്മസേനയുടെ സംരംഭ പ്രവർത്തനമായി ഇനോകുലം ലഭ്യമാക്കുന്നതിന്/ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ (ഉറവിടത്തിൽ ജൈവമാലിന്യം സംസ്കരിക്കുന്നവർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി, ഗുണനിലവാരമുള്ള ഇനോക്കുലത്തിന്റെ ലഭ്യതക്കുറവാണ്).

(3) നിലവിലുള്ള പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനം ആധുനികവത്ക്കരിക്കു ന്നതിനും ശേഷി ഉയർത്തുന്നതിനും ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുമുള്ള പ്രോജക്ടുകൾ

(4) മിനി എം.സി.എഫ് ഇല്ലാത്ത വാർഡുകളിൽ മിനി എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ (ഇപ്രകാരം നിർമ്മിക്കുന്ന മിനി എം.സി.എഫുകളുടെ വിസ്തൃതി 60 ചതുരശ്ര അടിയിൽ കുറയാൻ പാടില്ല)

(5) പ്രതിദിന വാതിൽപ്പടി ശേഖരണത്തിനും മിനി എം.സി.എഫിൽ നിന്നും പാഴ് വസ്തുക്കൾ എം.സി.എഫിൽ എത്തിക്കുന്നതിനും അനുയോജ്യമായ വാഹനം ലഭ്യമാക്കുന്നതിനുള്ള (വാങ്ങൽ/ വാടകയ്ക്ക്) പ്രോജക്ടുകൾ

(6) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന അജൈവ മാലിന്യം പൂർണ്ണമായി കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുള്ള MCF/RRF-കൾക്കില്ലെങ്കിൽ വിപുലപ്പെടുത്തുന്നതിനും (സ്ഥലം ലഭ്യമാണെങ്കിൽ) ഇല്ലെങ്കിൽ സ്ഥലം അധികമായി കണ്ടെത്തി (വിലക്ക് വാങ്ങുന്നത് ഉൾപ്പെടെ) ഒന്നോ അധിലധികമോ MCF/RRF-കൾ നിർമ്മിക്കുന്നതിനും, കണ്ടയിനർ MCFകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രോജക്ടുകൾ.

(7) നിലവിലുള്ള MCF/RRF-കൾ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യം, തരംതിരിക്കാനുള്ള കൺവെയർ ബൽറ്റ്, ബെയിലിങ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, അഗ്നിസുരക്ഷാ സംവിധാനം, വിശ്രമ മുറി-ശുചിമുറി MCF/RRFലേക്കുള്ള റോഡ് നിർമ്മാണം, വാഹനങ്ങൾ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ.

(8) നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം ഹരിതകർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(9) ഹരിതകർമ്മസേനയുടെ പ്രതിമാസ വരുമാനം ഉയർത്തുന്നതിനു മാലിന്യ സംസ്കരണവുമായി നേരിട്ട് ബന്ധപെട്ട അധിക സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇതുവഴി തദ്ദേശഭരണ സ്ഥാപനതലത്തിൽ ഹരിത കർമ്മ സേനകളെ ഗ്രീൻ ടെക്നോളജി സർവ്വീസ് സെന്ററുകളായി മാറ്റുന്നതിനുമുള്ള പ്രോജക്ടുകൾ.

(10) ഹരിതകർമ്മസേനയക്കാവശ്യമായ സുരക്ഷാ ഉപാധികൾ, യൂണിഫോം, പാഴ് വസ്തുക്കൾ സംഭരിക്കുന്നതിനുള്ള ബാഗ്/ചാക്ക്, വാഹനം വാങ്ങൽ തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ.

(11) പൊതു സ്ഥലങ്ങളിൽ മാലിന്യകൂനകൾ, ഡംപ് സൈറ്റുകൾ എന്നിവ ഉണ്ടെങ്കിൽ അവ വൃത്തിയാക്കി മനോഹരമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(12) നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ (എം.സി.എഫ്, ആർ.ആർ.എഫ്, പൊതു ജൈവമാലിന്യ സംസ്കരണ യൂണിറ്റുകൾ, ഗാർബേജ് വൾനറബിൾ പോയിന്റ്സ്).

(13) സി ആന്റ് ഡി മാലിന്യ സംഭരണ/സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും സംയുക്ത പ്രോജക്ടുകൾക്ക് രൂപം നൽകാവുന്നതാണ്.

(14) റീജിണൽ സാനിട്ടറി പ്ലാന്റുകളിലേക്ക് സാനിട്ടറി മാലിന്യം ശേഖരിച്ച് കൈമാറുന്നതിന് ആവശ്യമായ പിന്തുണ നൽകുന്നതിനുള്ള പ്രോജക്ട് (ഇതിനായുള്ള സർക്കാർ മാർഗ്ഗരേഖ പ്രകാരം)

(15) നിലവിലുള്ള പൊതു ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനുള്ള പ്രോജക്ടുകൾ.

(16) അപകടകരമായ മാലിന്യങ്ങൾ, റിജെക്ട് മാലിന്യങ്ങൾ എന്നിവ സംസ്കരിക്കുന്നതിനായി ബന്ധപെട്ട ഏജൻസികൾക്ക് നൽകുന്നതിനുള്ള സംസ്കരണ ഫീസ് നൽകുന്നതിനുള്ള

പ്രോജക്ടുകൾ. ഈ തുക കണക്കാകക്കുമ്പോൾ പ്രതിവർഷം ആകെ ഉണ്ടാവാൻ സാധ്യതയുള്ള റിജെക്റ്റ്/അപകടകരമായ മാലിന്യം എന്നിവക്ക് ആനുപാതികമായ തുക വകയിരുത്തേണ്ടതാണ്.

(17) പൊതു സ്ഥലങ്ങളിൽ ബിന്നുകൾ സ്ഥാപിക്കുന്നതിനും ബിന്നുകളിൽ നിന്നുള്ള മാലിന്യം കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക സൗകര്യം ഒരുക്കുന്നതിനും, മാനവ വിഭവശേഷി ലഭ്യമാക്കുന്നതിനുമുള്ള പ്രോജക്ടുകൾ.

(18) ഹരിതകർമ്മസേനയ്ക്കുള്ള യൂസർഫീസ് നല്കുന്നതിൽ നിന്നും തദ്ദേശഭരണ സ്ഥാപനം ഇളവ് നൽകിയിട്ടുള്ള വീടുകളുടെ (അതിദരിദ്രർ, ആശ്രയ) യൂസർഫീസ് നൽകുന്നതിനുള്ള പ്രോജക്ടുകൾ.

(19) കമ്മ്യൂണിറ്റി ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളിലുണ്ടാകുന്ന ജൈവ മാലിന്യം സമ്പുഷ്ടീകരണം നടത്തി വില്പന നടത്തുന്നതിനുള്ള പ്രോജക്ട്.

(20) ഗാർഹിക/സ്ഥാപന തലത്തിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധികളിലൂടെ ഉൽപ്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളം വില നൽകി തിരികെ എടുക്കുന്നതിനും, ശേഷം സമ്പുഷ്ടീകരണം നടത്തി ഗുണനിലവാരം ഉറപ്പാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാർഷിക പ്രോജക്ടിന്റെ ഭാഗമായി കർഷകർക്ക് നല്കുന്നതിനുള്ള പ്രോജക്ടുകൾ

(21) ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ആവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അതിനുള്ള പ്രോജക്ടുകൾ.

(22) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഘടക സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മലിനജലം സംസ്കരിക്കുന്നതിനുള്ള പ്രോജക്ടുകൾ.

(23) ഗാർഹിക മലിനജലം സംസ്കരണത്തിനു വേണ്ടിയുള്ള സോക്പിറ്റ് നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതികളിൽ ഏറ്റെടുക്കേണ്ടതാണ്.

(24) കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ പ്ലാന്റ് (FSTP) നിർമ്മിക്കുന്നതിനുള്ള ഭൂമി വാങ്ങൽ, പ്ലാന്റ് നിർമ്മാണം എന്നിവയ്ക്കുള്ള പ്രോജക്ടുകൾ. (നഗരസഭാ തലത്തിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിലുമാണ് അഭികാമ്യം. ഗ്രാമപ്രദേശങ്ങളിൽ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് തനതായോ പ്രോജക്ട് ഏറ്റെടുക്കാം)

(25) ഡ്രൈനേജ്, മാൻഹോൾ എന്നിവയുടെ ക്ലീനിംഗ് ഡിസ്ലഡ്ജിങ് തുടങ്ങിയ പ്രവർത്തികളിൽ ഏർപ്പെടുന്ന ശുചീകരണ തൊഴിലാളികൾക്ക് സുരക്ഷാ ഉപാധികൾ വാങ്ങൽ, ദ്രവ മാലിന്യ ശുചീകരണ പ്രവർത്തനങ്ങൾ "no touch" ആക്കാൻ ഉതകുന്ന മെഷീനുകൾ വാങ്ങൽ തുടങ്ങിയ പ്രോജക്ടുകൾ.

(26) മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഡിജിറ്റലൈസ്ഡ് മോണിറ്റർ സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രോജക്ടുകൾ.

(27) കേരളാ ഖര മാലിന്യ പരിപാലന പദ്ധതിയുടെ (KSWMP) സഹായത്തോടെ തയ്യാറാക്കി നല്കുന്ന SWM പ്ലാനുകൾ പ്രകാരമുള്ള മാലിന്യ സംസ്കരണ പ്രോജക്ടുകൾ നഗരസഭകളുടെ വാർഷിക പദ്ധതിയിൽ ഏറ്റെടുക്കേണ്ടതാണ്. നഗരസഭകളുടെ അന്തിമ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകുമ്പോൾ SWM പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണ് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(28) മാലിന്യ സംസ്കരണത്തിന്റെ സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ ജനങ്ങളുടെ മനോഭാവത്തിലും ശീലത്തിലും മാറ്റം വരേണ്ടതുണ്ട്. ആയതിനായി ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും വിവര വിജ്ഞാന വ്യാപന – ശേഷി വികസന പരിപാടികൾ, മികച്ച മാതൃകകൾക്ക് അംഗീകാരം തുടങ്ങിയവയ്ക്ക് വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ പരമാവധി 2 ലക്ഷം രൂപയും, മുൻസിപ്പാലിറ്റികൾ പരമാവധി 5 ലക്ഷം രൂപയും കോർപ്പറേഷനുകൾ പരമാവധി 10 ലക്ഷം രൂപയും വികസന ഫണ്ടിൽ വകയിരുത്താവുന്നതാണ്.

(29) ശാസ്ത്രീയവും സുസ്ഥിരവുമായ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് അനുയോജ്യമായ മനോഭാവവും ശീലവും വളർത്തുന്നത് വിദ്യാർത്ഥികളിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. ആയതിലേയ്ക്ക് 2025–2026 വർഷം തുടക്കം കുറിച്ച ഇക്കോ സെൻസ് സ്കോളർഷിപ്പ് പദ്ധതി 2026–2027 വർഷം തുടരുന്നതിനുള്ള പ്രോജക്ട് ഉൾപ്പെടുത്താവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് 1500 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തുകൾ 50, മുനിസിപ്പാലിറ്റികൾ 75, കോർപറേഷനുകളിൽ 100 വീതം വിദ്യാർത്ഥികൾക്ക് നൽകുന്നതിനുള്ള തുക വകയിരുത്തേണ്ടതാണ്. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും വിദ്യാഭ്യാസ വകുപ്പും മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതാണ്.

(30) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. ഇതിനായി വിവിധ ധന സ്രോതസ്സുകളുടെ സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

2.22.10 തദ്ദേശഭരണ സ്ഥാപന പ്രദേശത്തുണ്ടാകുന്ന എല്ലാ ജൈവ/അജൈവ ഖരമാലിന്യങ്ങളും പൊതു സ്ഥലങ്ങളിലോ സ്വകാര്യ സ്ഥലങ്ങളിലോ നിരത്തുകളിലോ വലിച്ചെറിയുന്നില്ലെന്നും ആയത് സംസ്കരിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ടെന്നും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ ഘട്ടത്തിൽ ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള തൽസ്ഥിതി റിപ്പോർട്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കണം. നിലവിലെ സംവിധാനങ്ങൾ പൂർണ്ണമല്ലെങ്കിൽ പൂർണ്ണമാക്കുന്നതിന് ആവശ്യമായ പ്രോജക്ടുകൾ 2026–27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ സാക്ഷ്യപത്രവും, പ്രോജക്ടുകളുടെ ലിസ്റ്റും വാർഷിക പദ്ധതി സമർപ്പിക്കുന്നതിനൊപ്പം സുലേഖ സോഫ്റ്റ് വെയറിലൂടെ ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് നൽകേണ്ടതുമാണ്.

2.22.11 ജില്ലാ ശുചിത്വ മിഷൻ, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി അവയുടെ സമ്പൂർണ്ണ ശേഖരണ-സംസ്കരണ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ എന്നും അവ പ്രവർത്തിക്കുന്നുണ്ടോ എന്നും വിലയിരുത്തേണ്ടതും വിടവ് ഉണ്ടെങ്കിൽ പ്രസ്തുത വിടവ് പരിഹരിക്കാൻ ആവശ്യമായ പ്രോജക്ടുകൾ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രോജക്ടുകൾ ഏതൊക്കെയെന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് നൽകേണ്ടതുമാണ്.

2.22.12 ഖണ്ഡിക 2.21.10, 2.21.11 എന്നിവയിലെ റിപ്പോർട്ടുകൾ ജില്ലാ ആസൂത്രണ സമിതി ചർച്ച ചെയ്യേണ്ടതും വിടവ് പരിഹരിക്കാൻ ആവശ്യമായ സംവിധാനങ്ങൾ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ

അവ കൂടി ഉൾപ്പെടുത്തി വർഷിക പദ്ധതി പുനസമർപ്പിക്കാൻ ജില്ലാ ആസൂത്രണ സമിതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടേണ്ടതുമാണ്.

2.22.13 ശുചിമുറികൾ, ജൈവ, അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉൾപ്പടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ (സ്വച്ഛ് ഭാരത് മിഷൻ അർബൻ/ഗ്രാമീൺ) അംഗീകാരം ലഭ്യമായിട്ടുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകി ഏറ്റെടുക്കേണ്ടതാണ്

2.22.14 സ്വച്ഛ് സർവേക്ഷൻ റാങ്കിങ്ങിൽ നഗരസഭകളുടെ പ്രകടനം മികവുറ്റതാക്കുന്നതിലേക്കും നഗരങ്ങളുടെ മലിനജല സംസ്കരണത്തിന്റെ ആവശ്യകത പൂർത്തീകരിക്കുന്നതിനുമായി നഗരസഭകൾ സെവെജ് ടീറ്റ്മെന്റ് പ്ലാന്റുകളും നെറ്റ്‌വർക്ക് അധിഷ്ഠിത സംവിധാനം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.22.15 ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ശുചത്വം ഉറപ്പുവരുത്തുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ/ ടൂറിസം കേന്ദ്രങ്ങളുടെ ചുമതലയുള്ള വകുപ്പ്/ ഏജൻസികളുമായി സംയുക്തമായും ഏറ്റെടുക്കാവുന്നതാണ്. ദിവസേനയുള്ള സ്വീപ്പിങ്, മാലിന്യ സംസ്കരണ സംവിധനകൾ, ടോയിലറ്റ് എന്നിവക്കുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്.

2.22.16 ഘടക സ്ഥാപനങ്ങൾ, പട്ടികജാതി നഗറുകൾ, പട്ടികവർഗ്ഗ ഉന്നതികൾ, മത്സ്യ ഗ്രാമങ്ങൾ, ലയങ്ങൾ, പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന ഇടങ്ങൾ തുടങ്ങി പ്രത്യേക പരിഗണന നൽകേണ്ട പ്രദേശങ്ങളിൽ ഖര, ദ്രവ, പ്രത്യേക മാലിന്യങ്ങൾ സമ്പൂർണ്ണമായി പരിപാലിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

## 3. ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതിയും നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും

3.1 അയൽക്കൂട്ടങ്ങളിൽ നിന്നും വികസന ആവശ്യങ്ങൾ ശേഖരിച്ചശേഷം അവ വാർഡ് തലത്തിലും തുടർന്ന് ഗ്രാമപഞ്ചായത്ത് തലത്തിലും ക്രോഡീകരിച്ച് ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതി (Village Poverty Reduction Plan) എല്ലാ വർഷവും കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. ഇതുപോലെ നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിയും (Urban Poverty Reduction Plan) കുടുംബശ്രീയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നുണ്ട്. ഇങ്ങനെ രൂപപ്പെടുന്ന ദാരിദ്ര്യ ലഘൂകരണ പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണത്തിൽ അർഹമായ പരിഗണന നൽകി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്.

3.2 ദാരിദ്ര്യ ലഘൂകരണ പദ്ധതികളിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാകണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ചേരുന്ന ഗ്രാമ/വാർഡ് സഭകളിലും വികസന സെമിനാറിലും ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണം. ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ തദ്ദേശഭരണ സഥാപാനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ ഡി.എ1/326/2023/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 4. പതിനഞ്ചാം പഞ്ചവത്സര പദ്ധതി രൂപീകരണം – മുന്നൊരുക്ക പ്രവർത്തനങ്ങൾ

4.1 2027–28 മുതൽ ആരംഭിക്കുന്ന അഞ്ച് വർഷക്കാലയളവിലേക്കുള്ള പതിനഞ്ചാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രയത്നം പുതിയ ഭരണ സമിതികൾ ഇപ്പോഴേ ആരംഭിക്കണം. വികസനരേഖ പരിഷ്ക്കരിക്കുന്നതിനൊപ്പം വിശദമായ പഠനങ്ങളും കൂടിയാലോചനകളും നടക്കണം. ആവശ്യം വേണ്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും വേണം. ഈ പ്രവർത്തനങ്ങൾ 2026–27 വർഷത്തിലാണ് നടത്തേണ്ടത്. വികസന-ഗവേഷണ

സ്ഥാപനങ്ങൾ സാങ്കേതിക വിദഗ്ദ്ധർ, സന്നദ്ധ വിദഗ്ദ്ധർ തുടങ്ങിയവരുടെ സേവനങ്ങൾ ഇതിന് പ്രയോജനപ്പെടുത്തണം.

4.2 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 2026–27 വാർഷിക പദ്ധതിയിൽ പതിനഞ്ചാം പഞ്ചവത്സര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ചെലവ് വഹിക്കുന്നതിനുള്ള ഒരു പ്രോജക്ട് ഉൾപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 3 ലക്ഷം രൂപവരെയും മുനിസിപ്പാലിറ്റികൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും 4 ലക്ഷം രൂപവരെയും കോർപ്പറേഷനുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും 5 ലക്ഷം രൂപ വരെയും വകയിരുത്താവുന്നതാണ്. ഇതിന് പൊതു വിഭാഗം (സാധാരണ വിഹിതം), തനത് ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം (അൺടൈഡ് വിഹിതം) എന്നീ ഫണ്ടുകൾ ഉപയോഗിക്കാവുന്നതാണ്. മുന്നൊരുക്ക പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

## 5. ബഹു വർഷ പ്രോജക്ടുകൾ

പുതിയ ഭരണ സമിതിയുടെ കാലാവധിക്കുള്ളിൽ പൂർത്തിയാകുന്ന തരത്തിലുള്ള ബഹു വർഷ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നിരുന്നാലും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമായതിനാൽ ഒഴിവാക്കാനാകാത്ത ബഹു വർഷ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതാകും അഭികാമ്യം. എന്നാൽ ഒരു വർഷം കൊണ്ട് നിർവ്വഹണം പൂർത്തിയാക്കാൻ കഴിയുന്ന പ്രോജക്ടുകൾ ബഹുവർഷമായി ഉൾക്കൊള്ളിക്കാൻ പാടില്ല.

## 6. ജില്ലാ തല മുൻഗണനകൾ

ജില്ലാ ആസൂത്രണ കമ്മിറ്റികൾ (ഡി.പി.സികൾ) 2025 ൽ തയ്യാറാക്കിയ ജില്ലാ പദ്ധതികൾ അന്തിമമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാവുകയാണ്. അധികം താമസിയാതെ തന്നെ എല്ലാ ഡി.പി.സികളും പുതിയ ജില്ലാ പദ്ധതി രേഖ പ്രസിദ്ധീകരിക്കും. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള ജില്ലാതല വികസന മുൻഗണനകൾ കൂടി പരിഗണിച്ചുവേണം തദ്ദേശഭരണ സ്ഥാപനങ്ങൾ അടുത്ത വർഷത്തെ വികസന പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. അതിനായി, അന്തിമരേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ തന്നെയും ജില്ലാതല മുൻഗണനകൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു മാർഗ്ഗരേഖ ജില്ലാ ആസൂത്രണ കമ്മിറ്റി തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

## 7. വികസന മിഷനുകളും കേന്ദ്ര/സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം

7.1 വാർഷിക പദ്ധതിയുടെ വിഭവ സ്രോതസ്സ് സംസ്ഥാന സർക്കാർ കൈമാറുന്ന വികസന, മെയിന്റനൻസ് ഫണ്ടുകൾ മാത്രമാകാൻ പാടില്ല. തനത് ഫണ്ടിലെ മിച്ചം, കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഭവം, വായ്പ, സംഭാവന തുടങ്ങി വിവിധ സ്രോതസ്സുകളിൽ നിന്നും കഴിയാവുന്നത്ര വിഹിതം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തണം. ഇതിൽ പരമ പ്രധാനമാണ് വിവിധ മിഷനുകളുമായും കേന്ദ്ര/സംസ്ഥാന പദ്ധതികളുമായുള്ള സംയോജനം.

7.2 നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകൾ (ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം) മുഖേന നല്ലൊരു തുക സർക്കാർ പ്രത്യേകമായി ചെലവഴിക്കുന്നുണ്ട്. ഇതിനർത്ഥം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ബജറ്റ് വിഹിതത്തിന് പുറമെ അധികമായി മറ്റ് സ്രോതസ്സുകളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിന് ഫണ്ട് ലഭിക്കുന്നു എന്നതാണ്. വികസന മിഷനുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്.

7.3 നിലവിൽ വികസന/തനത് ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കുന്ന പല പ്രോജക്ടുകളും കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ കഴിയും. ഇത്തരത്തിൽ കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ പരിമിതമായ വികസന/തനത് ഫണ്ടുകൾ മറ്റ് അത്യാവശ്യ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ലഭ്യമാക്കാവുന്നതാണ്. ഇതിനായി വിവിധ മേഖലകളിലെ സംയോജന സാധ്യതകൾ ചൂണ്ടികാണിക്കുന്ന രേഖ അതത് നിർവഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്.

## 8. വാർഷിക പദ്ധതി അടങ്കൽ

8.1 പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന്റെയും ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷന്റെയും അവാർഡ് കാലയളവിലെ (2026–2031) ആദ്യ വർഷമാണ് 2026–27. രണ്ട് ധനകാര്യ കമ്മീഷനുകളുടെയും ശുപാർശകൾ പരിഗണിച്ചുകൊണ്ടായിരിക്കും കേന്ദ്ര–സംസ്ഥാന സർക്കാരുകൾ പ്രാദേശിക സർക്കാരുകൾക്കുള്ള അടുത്ത വർഷത്തെ വിഹിതം നിശ്ചയിക്കുക. അവയുടെ വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. ആയതിനാൽ തൽക്കാലം 2025–26 ലെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2026–27 വർഷത്തെ പദ്ധതിക്ക് രൂപം നൽകാവുന്നതാണ്.

8.2 പൊതു വിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ് ഗ്രാന്റുകൾ), മെയിന്റനൻസ് ഫണ്ട് (റോഡ്, റോഡിതരം) എന്നീ ഇനങ്ങളിൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള 2025–26 ലെ ബജറ്റ് വിഹിതം 2026–27 ലെ താൽക്കാലിക വിഹിതമായി കണക്കാക്കി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നൽകുന്നതാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ച ശേഷം യഥാർത്ഥ വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി പരിഷ്കരിക്കാവുന്നതാണ്. ഒപ്പം സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

## 9. പങ്കാളിത്തം വർദ്ധിപ്പിക്കൽ

പദ്ധതി ആസൂത്രണ പ്രക്രിയയിൽ പൊതുജനങ്ങളുടെയും വിദഗ്ധരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകണം. പൊതുകാര്യങ്ങളിൽ താല്പര്യമെടുക്കുന്നവരെയും വിദഗ്ധരെയും കണ്ടെത്തി ആസൂത്രണസമിതിയിലും വർക്കിംഗ് ഗ്രൂപ്പുകളിലും ഉൾപ്പെടുത്തേണ്ടതാണ്. പങ്കാളിത്ത വേദികളായ ഗ്രാമസഭകളിലും വാർഡ്സഭകളിലും പരമാവധി പങ്കാളിത്തം ഉറപ്പാക്കണം.

## 10. അവസ്ഥാ രേഖ പരിഷ്കരിക്കൽ

10.1 ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് കഴിഞ്ഞാൽ, പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ഓരോ മേഖലയ്ക്കും തയ്യാറാക്കിയതും 2025–26 വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി പുതുക്കിയതുമായ അവസ്ഥാരേഖകൾ (Status Reports) വർക്കിംഗ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. പുതിയ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണെങ്കിൽ അവ ഉൾപ്പെടുത്തണം. അവസ്ഥാരേഖയ്ക്ക് താഴെ പറയുന്ന പ്രകാരം നാല് അദ്ധ്യായങ്ങൾ ആകാവുന്നതാണ്.

(i) നിലവിലുള്ള അവസ്ഥ
(ii) വികസനത്തിലെ നിലവിലുള്ള വിടവുകൾ, പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം
(iii) 2026–27 വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

(iv) സംയോജന സാധ്യതകൾ

10.2 അവസ്ഥാ രേഖ പരിഷ്ക്കരിക്കുമ്പോൾ പതിനാലാം പഞ്ചവൽസര പദ്ധതിയിൽ ആദ്യ മൂന്ന് വർഷങ്ങളിൽ (2022–23, 2023–24, 2024–25) കൈവരിച്ച ഭൗതിക നേട്ടങ്ങളും നാലാം വർഷം (2025–26) പ്രതീക്ഷിക്കുന്ന നേട്ടങ്ങളും 2026–27ൽ ലക്ഷ്യമിടുന്ന നേട്ടങ്ങളും കൃത്യതയോടെ നിർവചിക്കണം. പരിഷ്കരിച്ച അവസ്ഥാ രേഖയെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ അടുത്ത വർഷത്തേയ്ക്കുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്. [പ്രശ്ന വിശകലനത്തിന് പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അനുബന്ധമായി നൽകിയിട്ടുള്ള ഫോറം 3–ഉം 2026–27 ലെ വികസനലക്ഷ്യങ്ങൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള ഫോറം എയും ഉപയോഗിക്കാവുന്നതാണ്. മുൻ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ, തൻ വർഷം അവലോകനം നടത്തുന്നതുവരെ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പ്രോജക്ടുകൾ, അടുത്ത വർഷത്തെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരാമർശം 1, 2 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ ഫോറം 4 ലും ഫോറം 5 ലും ഫോറം 6 ലും യഥാക്രമം തയ്യാറാക്കേണ്ടതാണ്].

**11. സമയക്രമം**

2026–27 വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം ചുവടെ നൽകുന്നു. പ്രധാനഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതികളാണ് നൽകിയിട്ടുള്ളത്. തീയതികളിൽ അനുയോജ്യമായ മാറ്റങ്ങൾ ആകാമെങ്കിലും വാർഷിക പദ്ധതി സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാന തീയതി എന്ന നിബന്ധന നിർബന്ധമായും പാലിക്കേണ്ടതാണ്.

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 1 | എല്ലാ തലത്തിലെയും തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കൽ | : | 2026 ജനുവരി 15 |
| 2 | അവസ്ഥാരേഖ പരിഷ്ക്കരിക്കൽ | : | ജനുവരി 19 |
| 3 | ജില്ലാതല മുൻഗണനകൾ നിശ്ചയിച്ച് ഡി.പി.സി. തലത്തിൽ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ | : | ജനുവരി 19 |
| 4 | സംയോജന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയുടേയും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരുടെയും പ്രത്യേക യോഗം | : | ജനുവരി 20 |
| 5 | എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | : | ജനുവരി 22 |
| 6 | ബ്ലോക്ക് പഞ്ചായത്തും ഗ്രാമ പഞ്ചായത്തുകളും ചേർന്ന് നടപ്പാക്കുന്ന സംയുക്ത പ്രോജക്ടുകൾക്കും സംയോജിത പ്രോജക്ടുകൾക്കും രൂപം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് വിളിച്ച് ചേർക്കുന്ന യോഗം | : | ജനുവരി 23 |
| 7 | ജില്ലാ തലത്തിലെ സംയുക്ത പ്രോജക്ടുകൾക്കും സംയോജിത പ്രോജക്ടുകൾക്കും അന്തിമ രൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ച ചേർക്കുന്ന യോഗം | : | ജനുവരി 24 |
| 8 | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | : | ജനുവരി 27 |
| 9 | ഗ്രാമ/വാർഡ് സഭാ യോഗങ്ങൾ | : | ജനുവരി 28 – ഫെബ്രുവരി 5 |
| 10 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | ഫെബ്രുവരി 7 |

| ക്രമ നം. | പ്രവർത്തനം | | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|---|
| 11 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വികസന സെമിനാർ | : | ഫെബ്രുവരി 9 |
| 12 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | ഫെബ്രുവരി 10 |
| 13 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ *സുലേഖ* സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | ഫെബ്രുവരി 13 |
| 14 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | ഫെബ്രുവരി 14 |
| 15 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി സമർപ്പണം | : | ഫെബ്രുവരി 16 |
| 16 | ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | ഫെബ്രുവരി 20 |
| | **ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ** | | |
| 17 | ഗ്രാമസഭയ്ക്ക് സമാനമായ യോഗം ചേരൽ | : | ഫെബ്രുവരി 7 |
| 18 | കരട് വാർഷിക പദ്ധതി രേഖ തയ്യാറാക്കൽ | : | ഫെബ്രുവരി 11 |
| 19 | വികസന സെമിനാർ | : | ഫെബ്രുവരി 12 |
| 20 | വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ | : | ഫെബ്രുവരി 16 |
| 21 | പ്രോജക്ടുകൾ *സുലേഖ* സോഫ്റ്റ് വെയറിൽ തയ്യാറാക്കൽ | : | ഫെബ്രുവരി 18 |
| 22 | വാർഷിക പദ്ധതിക്ക് ഭരണ സമിതിയുടെ അംഗീകാരം | : | ഫെബ്രുവരി 19 |
| 23 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി സമർപ്പണം | : | ഫെബ്രുവരി 20 |
| 24 | ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം | : | ഫെബ്രുവരി 23 |
| 25 | ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗര ഭരണ സ്ഥാപനങ്ങളുടെയും അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | : | ഫെബ്രുവരി 25 |

*****

ഫോറം എ

# പതിനാലാം പഞ്ചവൽസര പദ്ധതി

## 2026-27 വാർഷിക പദ്ധതി

വികസന പരിപ്രേക്ഷ്യം/ലക്ഷ്യങ്ങൾ

| ക്രമ നം | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം (വികസന കാഴ്ചപ്പാട്) | സൂചിക | 2022-ലെ അവസ്ഥ | 2027 ലെ ലക്ഷ്യം (പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ നിശ്ചയിച്ചത്) | 2022-23ൽ കൈവരിച്ച നേട്ടം | 2023-24ൽ കൈവരിച്ച നേട്ടം | 2024-25 ൽ കൈവരിച്ച നേട്ടം | 2025-26 ൽ പ്രതീക്ഷിക്കുന്ന നേട്ടം | 2026-27 ലെ ലക്ഷ്യം | 2026-27 ലെ ലക്ഷ്യം കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | 1.<br>2.<br>etc |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

സ്ഥലം :
തീയതി :

ഒപ്പ്:
പേര്:
കൺവീനർ
---------------------വർക്കിംഗ് ഗ്രൂപ്പ്

കുറിപ്പ് :- കാർഷിക മേഖലയിലെ ഒരു ഉദാഹരണം ചുവടെ നൽകുന്നു.
പരിപ്രേക്ഷ്യം: നെല്ലുല്പാദനത്തിൽ വർദ്ധനവ്
സൂചിക : നെൽവിളകളുടെ വിസ്തൃതി (ഹെക്ടർ)
2022-ലെ അവസ്ഥ : 10 ഹെക്ടർ
പതിനാലാം പദ്ധതിയിലെ (2027ലെ) ലക്ഷ്യം: 30 ഹെക്ടർ